LIBRARY ARCHIVES Kerala Legislative Assembly

തീരദേശ റോഡുകളുടെ വികസനം

142 (146) ശ്രീമതി ഗീതാ ഗോപി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) തീരദേശ റോഡുകളുടെ പുനർനിർമ്മാണവും വികസനവുമായി ബന്ധപ്പെട്ടുത്തി 2013-14, 20114-15 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തീരദേശ റോഡുകളുടെ പേരുകൾ, നിർമ്മാണച്ചെലവ്, നടന്നു കൊണ്ടിരിക്കുന്നതും പൂർത്തീകരിച്ചതുമായ റോഡുകൾ എന്നിവയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) 2013-14, 2014-15 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ തീരദേശറോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ലിസ്റ്റ് I-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.* 2013-14, 2014-15 സാമ്പത്തിക വർഷം തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിനായി 9590.77 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇവയിൽ 254 റോഡ് പ്രവൃത്തികൾ പുരോഗമിക്കുകയും 243 റോഡുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു.

അരൂർ മണ്ഡലത്തിൽനിന്നും മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന് ലഭിച്ച അപേക്ഷകൾ

143 (147) ശ്രീ. എ. എം. ആരിഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) അരൂർ മണ്ഡലത്തിൽനിന്നും മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര എണ്ണത്തിൽ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ; എത്ര രൂപയാണ് ആകെ സഹായമായി അനുവദിച്ചത് ;

(സി) തീരുമാനമാകാത്ത അപേക്ഷകൾ എത്രയാണെന്നും എങ്കിൽ എന്തുകൊണ്ട് തീരുമാനമായില്ല എന്നും വ്യക്തമാക്കാമോ ; അടിയന്തിരമായി പ്രസ്തുത അപേക്ഷകളിൽ മേൽ തീരുമാനം കൈക്കൊള്ളുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.